മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 27

# വാർത്താക്കുറിപ്പ്

---

## പുതുക്കിയ പരീക്ഷാ തീയതി

ഏപ്രിൽ എട്ടിന് നടത്താൻ നിശ്ചയിച്ച് പിന്നീട് മാറ്റി വച്ച മൂന്നാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (2008-2014 അഡ്മിഷനുകൾ - മേഴ്സി ചാൻസ്) പരീക്ഷകൾ മെയ് 13 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് നാലിനും 525 രൂപ പിഴയോട്ടു കൂടി മെയ് അഞ്ചിനും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് ആറിനും അപേക്ഷിക്കാം. മേഴ്സി ചാൻസ് എഴുതുന്നവർ 5250 രൂപ സ്പെഷ്യൽ ഫീസായി പരീക്ഷാ ഫീസിനും സി.വി.ക്യാമ്പ് ഫീസിനും പുറമെ അടക്കണം.

(പി.ആർ.ഒ./39/504/2022)

## അപേക്ഷാ തീയതി

നാലാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്, 2018, 2017 അഡ്മിഷൻ - റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2014-2016 അഡ്മിഷൻ - റീ-അപ്പിയറൻസ് / 2013 അഡ്മിഷൻ - മേഴ്സി ചാൻസ്), സൈബർ ഫോറൻസിക് (സി.ബി.സി.എസ്. - 2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീഅപ്പിയറൻസ്, സി.ബി.സി.എസ്.എസ്. - 2014-2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) ബിരുദ പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 29 മുതൽ മെയ് മൂന്ന് വരെയും 525 രൂപ പിഴയോട്ടു കൂടി മെയ് നാലിനും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് അഞ്ചിനും അപേക്ഷിക്കാം. ഫീസ് സംബന്ധിച്ച വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/505/2022)

## പരീക്ഷാ ഫീസ്

ഒന്ന് മുതൽ നാലാം വർഷം വരെയുള്ള ബി.എസ്.സി. നേഴ്സിംഗ് (2013-2015 അഡ്മിഷൻ - സപ്ലിമെന്ററി, 2012 അഡ്മിഷൻ - സപ്ലിമെന്ററി / 2012 അഡ്മിഷൻ (നേഴ്സിംഗ് കൗൺസിലിന്റെ ബേസിക് പരീക്ഷ പാസായവർ) - ഫസ്റ്റ് മേഴ്സി ചാൻസ്, 2007-2011 അഡ്മിഷൻ - സെക്കന്റ് മേഴ്സി ചാൻസ് പരീക്ഷകൾ മെയ് പത്തിന് ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ 28 വരെയും 525 രൂപ പിഴയോട്ടു കൂടി ഏപ്രിൽ 29 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി ഏപ്രിൽ 30 നും അപേക്ഷിക്കാം. ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങളും ടൈംടേബിളും സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/506/2022)

രണ്ടാം വർഷ എം.എസ്.സി. മെഡിക്കൽ അനാട്ടമി (2019 അഡ്മിഷൻ - റെഗുലർ / 2015-2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മെയ് 13 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് നാലിനും 525

രൂപ പിഴയോട്ടു കൂടി മെയ് അഞ്ചിനും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് ആറിനും അപേക്ഷിക്കാം.

(പി.ആർ.ഒ./39/507/2022)

## <u>പരീക്ഷാ ഫലം</u>

2021 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.പി.എഡ്. (2020 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ മെയ് 11 വരെ സ്വീകരിക്കും.

(പി.ആർ.ഒ./39/508/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 27 (2)

# വാർത്താക്കുറിപ്പ്

---

## ഭരണഘടനാ മൂല്യങ്ങളുടെ ശോഷണം ആശങ്കാജനകം: ഡോ. സുനിൽ പി. ഇളയിടം

ഭരണഘടന വിഭാവനം ചെയ്യുന്ന യഥാർത്ഥ മൂല്യങ്ങൾക്ക് അപകടകരമാം വിധം ശോഷണം സംഭവിച്ചു കൊണ്ടിരിക്കുന്ന ഘട്ടത്തിൽ അതിനെതിരെ അർത്ഥപൂർണമായ പ്രതിരോധം തീർക്കുക എന്നത് പൗരൻമാരുടെ ഭരണഘടനാപരമായ കർത്തവ്യമാണെന്ന് സുനിൽ പി ഇളയിടം അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സംഘടിപ്പിച്ച അംബേദ്കർ അനുസ്മരണ പരിപാടിയുടെയും ദ്വിദിന സെമിനാറിൻ്റെയും ഭാഗമായി അംബേദ്ക്കർ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഭരണഘടനയെ കേവലമൊരു നിയമഗ്രന്ഥമായി മാത്രം കാണുന്നതിനപ്പുറം ഒരു നൈതിക ജീവിത രേഖയായി കൂടി അതിനെ പരിഗണിക്കേണ്ടതുണ്ട്. ഭരണഘടനാ നിർമ്മാണ ഘട്ടത്തിൽ തന്നെ ഇത്തരം മൂല്യങ്ങൾക്കായി ഏറെ പൊരുതുകയും വലിയൊരളവോളം വിജയിക്കുകയും ചെയ്തതാണ് ഡോ. ബി. ആർ. അംബേദ്ക്കറെ ഇന്നും രാജ്യത്തിൻ്റെ പൊതുമണ്ഡലത്തിൽ ഏറെ പ്രസക്തനാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഭൂരിപക്ഷ ഹിതം നടപ്പാക്കുന്നത് മാത്രമാണ് ജനാധിപത്യ ധർമ്മം എന്നത് തെറ്റായ ചിന്തയാണ്. വ്യത്യസ്തമായിരിക്കാനും വ്യത്യസ്തതയുടെ പേരിൽ വേട്ടയാടപ്പെടാതിരിക്കാനുള്ള അവകാശം കൂടിയാണ് ജനാധിപത്യം. ഭരണനിർവ്വഹണ സംവിധാനം പോലെയുള്ള, ഭരണഘടനക്കുള്ളിൽ നിന്നുള്ള ശക്തികൾ തന്നെ ഭരണഘടനാ മൂല്യങ്ങൾക്ക് ഭീഷണിയാകുന്നുവെന്നതും ഏറെ ആശങ്കാജനകമായ കാര്യമാണെന്നും ഡോ. സുനിൽ പി ഇളയിടം ചൂണ്ടിക്കാട്ടി. മതാത്മകത ഒളിഞ്ഞിരിക്കുന്ന ദേശീയത ഉയർത്തിക്കാട്ടുന്നവർ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ഭരണഘടനാ മൂല്യങ്ങളെ സൗകര്യപൂർവ്വം വിസ്മരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ പരമ്പരാഗത മൂല്യങ്ങൾ എന്ന പേരിൽ ഒരു പ്രത്യേക മേഖലകളിൽ നിന്ന് മാത്രമുള്ള കാര്യങ്ങൾ എടുത്ത് കാണിക്കുന്നത് ഇതര വിഭാഗങ്ങളിൽ പ്പെട്ടവരുടെയും തദ്ദേശീയരായ അടിസ്ഥാന വിഭാഗങ്ങളിൽപ്പെട്ട ആദിവാസി സമൂഹങ്ങൾ ഉൾപ്പെടെയുള്ളവരുടെയും

വൈവിധ്യമാർന്ന മറ്റ് പാരമ്പര്യ മൂല്യങ്ങളെയും തമസ്കരിച്ചു കൊണ്ടാകരുതെന്നും അദ്ദേഹം പറഞ്ഞു. നേരത്തെ, സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയയുടെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. കെ.എം.സുധാകരൻ, പ്രൊഫ. പി. ഹരികൃഷ്ണൻ, ജോയിൻ്റ് രജിസട്രാർ പി.കെ. സജീവ്, എസ് സി / എസ്. ടി എംപ്ലോയീസ് ഫോറം ചെയർമാൻ ഡോ. ടി.വി. സുരേഷ് കുമാർ എന്നിവരും സംസാരിച്ചു. ഡോ. രേഖാ രാജ് മോഡറേറ്ററായിരുന്നു. പരിപാടിയുടെ രണ്ടാം ദിവസമായ ഇന്ന് രാവിലെ 10.30 ന് (ഏപ്രിൽ 28 ) യുവ - ദളിത് ഗവേഷകരുടെയും ചിന്തകരുടെയും വൈജ്ഞാനിക സദസ്സും വൈകിട്ട് നാലിന് നാടൻ പാട്ടും ഉണ്ടാകും.

**ക്യാപ്ഷൻ:**

1. എം.ജി. സർവ്വകലാശാലയിൽ സംഘടിപ്പിച്ച അംബേദ്കർ അനുസ്മരണ പരിപാടി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

2. ഡോ. സുനിൽ പി. ഇളയിടം അംബേദ്കർ അനുസ്മരണ പ്രഭാഷണം നടത്തുന്നു.

(പി.ആർ.ഒ./39/509/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ